(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സീനിയോറിറ്റി ലിസ്റ്റ് വിവിധ തസ്തികകൾക്ക് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വ്യത്യസ്തമായ കാലയളവുവരെ തയ്യാറാക്കിയിട്ടുള്ളതിനാലും ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാലും ഏത് തീയതിവരെ പരിഗണിക്കപ്പെടും എന്നത് മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കുന്നതല്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ എം. മുരളി, എളമരം കരീം, കെ.പി. രാജേന്ദ്രൻ എന്നിവരെ പത്താം കേരള നിയമസഭയുടെ 16-ാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

ഓർഡർ ..... ഓർഡർ

III അടിയന്തിരപ്രമേയം

നാദാപുരം അക്രമ സംഭവങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തതിനെത്തുടർന്ന് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥതിവിശേഷം

മി. സ്പീക്കർ : നാദാപുരത്ത് നടന്ന കൊലപാതകങ്ങൾക്കും വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവയ്ക്കുനേരെ നടന്ന അക്രമ പ്രവർത്തനങ്ങൾക്കും കാരണക്കാരായ കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും ഇതുവരെ സാധിക്കാത്തതിനാൽ സംസ്ഥാനത്തുടനീളവും പ്രത്യേകിച്ച് നാദാപുരത്തും നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. കെ. ബാവ, കെ. ബാബു, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ച് ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വളയം, ചെക്കിയാട്ട്, തൂണേരി, പാറക്കടവ്, നാദാപുരം എന്നീ പഞ്ചായത്തുകളിൽ 2001- ജനുവരി മാസം മദ്ധ്യത്തോടെ സി.പി.ഐ. (എം), ഐ.യു.എം.എൽ. പ്രവർത്തകർ തമ്മിൽ

LIBRARY ARCHIVES Kerala Legislative Assembly